# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

കെട്ടിട നിർമ്മാണത്തിലെ നിയമതടസ്സങ്ങൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1788** 05.12.14- ൽ മറുപടി നൽ കേണ്ടത്.

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>ബഹു.പഞ്ചായത്തും<br>സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | പഞ്ചായത്ത് പ്രദേശങ്ങളിൽ മൂന്ന് സെൻറിൽ താഴെ വസ്തു ഉള്ളവർക്ക് കെട്ടിട നിർമ്മാണത്തിന് നിയമതടസ്സങ്ങൾ എന്തെങ്കിലും നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, 3 സെൻറിൽ താഴെ വസ്തു ഉള്ളവർക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിന് നിയമ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | മൂന്നിൽ താഴെ സെൻറ് സ്ഥലം മാത്രം കൈവശമുള്ളവർക്ക് റോഡ് വികസനത്തിനും മറ്റും ആവശ്യമെങ്കിൽ വസ്തു സറണ്ടർ ചെയ്യാം എന്ന വ്യവസ്ഥയിൽ കെട്ടിട നിർമ്മാണത്തിന് പ്രത്യേക അനുമതി നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | റോഡ് വികസനത്തിനും മറ്റും ആവശ്യമെങ്കിൽ വസ്തു സറണ്ടർ ചെയ്യാം എന്ന വ്യവസ്ഥയിൽ കെട്ടിട നിർമ്മാണത്തിന് പ്രത്യേക അനുമതി നൽകാൻ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. എന്നാൽ റോഡു വികസനത്തിനായി ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്ന പക്ഷം, ബാക്കി പ്ലോട്ടിൽ നിർമ്മാണം നടത്തുന്നതിനുള്ള ലഘൂകൃത വ്യവസ്ഥകൾ പ്രസ്തുത ചട്ടങ്ങളിലെ അദ്ധ്യായം XI-ൽ പ്രതിപാദിക്കുന്നുണ്ട്. |

Vajeem

സെക്ഷൻ ഓഫീസർ